**അനുബന്ധം എച്ച്.4**

**നോട്ടീസ്**

ശ്രീ.ജസീർ അഴവളപ്പിൽ, ( PEN 669218 )ഫർമസിസ്റ്റ് ഗ്രേഡ്-I കുടുംബാരോഗ്യ കേന്ദ്രം അത്താണിക്കൽ, മലപ്പുറം എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി നിങ്ങൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന നിങ്ങളുടെ എതിർവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ നിങ്ങളോട് നിർദ്ദേശിച്ചുകൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള ചാർജ്ജുമെമ്മോ ഇ.സി5/20856/23/ആ.വ.ഡ., തീയതി: 10.11.23 -യിൽ ഏറ്റവും ഒടുവിൽ അറിയാവുന്ന നിങ്ങളുടെ മേൽവിലാസത്തിൽ അറിയിച്ചിരുന്നു. എന്നാൽ പ്രസ്തുത കുറ്റാരോപണ മെമ്മോ താങ്കൾ കൈപ്പറ്റിയിട്ടില്ല. മേൽവിലാസക്കാരൻ വിദേശത്തയതിനാൽ കൈപറ്റിയില്ല എന്ന് പോസ്റ്റ്മാൻ അറിയിച്ചതായി ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം അറിയിപ്പ് ലഭിച്ചിരുന്നു . അതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് നിങ്ങളുടെ ലിഖിതമായ എതിർവാദ പത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്തപക്ഷം നിങ്ങൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിന് അനുസൃതമായി തുടർന്നുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റാരോപണ പത്രികയുടെ പൂർണ്ണരൂപം നിശ്ചിത കാലാവധിക്കുമുൻപ് ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം-ൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ, അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകിക്കൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ നിങ്ങൾക്ക് വാങ്ങാവുന്നതാണ്.

Signed by
Reena K J
Date: 03-06-2025 17:28:35

ഡോ.റീന.കെ.ജെ.,
ആരോഗ്യ വകുപ്പ് ഡയറക്ടർ.

സ്വീകർത്താവ്

ശ്രീ.ജസീർ അഴവളപ്പിൽ,
ഫാറൂക്ക് മൻസിൽ ,
ചെമ്മാട് ,
തിരുരങ്ങാടി ,
മലപ്പുറം - 676306.